# INDIAN SCHOOL AL WADI AL KABIR

| CLASS: X | DEPARTMENT: MALAYALAM | DATE : 28/08/2023 |
| --- | --- | --- |
| Class Note | Lesson: വാക്യരചന - യുദ്ധത്തിന്റെ പരിണാമം | Topic: Descriptive |

## വാക്യരചന
## (യുദ്ധത്തിന്റെ പരിണാമം)

**കോപാശ്രു = കോപം കൊണ്ടുള്ള കണ്ണുനീർ**

കണ്ണുകളിൽ കോപാശ്രു നിറഞ്ഞിരുന്നെങ്കിലും അയാൾ സംയമനം പാലിച്ചു.

**പല്ലിറുമ്മുക**

ചില കുട്ടികൾ ഉറക്കത്തിൽ പല്ലിറുമ്മാറുണ്ട്.

**കവച്ചു കടക്കുക = മറികടക്കുക**

വിധിയെ കവച്ചു കടക്കാൻ ആർക്കും കഴിയില്ല.

**മുറ തെറ്റിച്ച് = നിയമം തെറ്റിച്ച്**

മുറ തെറ്റിച്ച് നൽകുന്ന ആനുകൂല്യങ്ങളാണ് അഴിമതിക്ക് കാരണമാകുന്നത്.

**അനുമോദിക്കുക = അഭിനന്ദിക്കുക**

അർഹതയുള്ളവരെ അനുമോദിക്കാൻ ഒരിക്കലും മടി കാണിക്കരുത്.

**നിർവേദം കൊള്ളുക = ഒന്നിനോടും താല്പര്യം ഇല്ലാതിരിക്കുക**

സന്യാസിമാർ പൊതുവെ ലൗകിക കാര്യങ്ങളിൽ നിർവേദം കൊള്ളുന്നവരാണ്.

**മേൽക്കോയ്മ നടത്തുക = മേലധികാരം നടത്തുക**

ചക്രവർത്തിമാർ മേൽക്കോയ്മ നടത്തുന്നതിനെതിരെ പ്രതികരിക്കാൻ നാട്ടുരാജാക്കന്മാർക്ക് ശക്തി ഉണ്ടായിരുന്നില്ല.

**ആഭിജാത്യം = കുലീനത**

ആഭിജാത്യമല്ല അറിവും മാനുഷികഗുണങ്ങളുമാണ് വ്യക്തിമഹത്വത്തിന് അടിസ്ഥാനം.

**വെമ്പുക = തിടുക്കം കാണിക്കുക**

ഓരോ കാര്യവും പെട്ടന്ന് ചെയ്തുതീർക്കാൻ അവൾ വെമ്പി.

**കഴിഞ്ഞുകൂടുക = ജീവിക്കുക**

കഷ്ടിച്ച് കഴിഞ്ഞുകൂടാനുള്ള വരുമാനം മാത്രമേ അയാൾക്ക് ഉണ്ടായിരുന്നുള്ളൂ.

**ജനസഹസ്രങ്ങൾ = ആയിരക്കണക്കിന് ജനങ്ങൾ**

ജനസഹസ്രങ്ങൾ പങ്കെടുക്കുന്ന റാലികളാണ് രാഷ്ട്രീയ സംഘടനകൾ തിരഞ്ഞെടുപ്പ് സമയത്ത് നടത്തുന്നത്.

**പാഞ്ഞു വരുക = ഓടി വരുക**

കുത്താൻ പാഞ്ഞുവരുന്ന കാളയെ കായികമായി നേരിടുന്നത് മണ്ടത്തരമാണ്.

**വിലപിക്കുക = കരയുക**

നഷ്ടപ്പെട്ടു പോയതിനെ ഓർത്ത് വിലപിച്ചിട്ട് പ്രയോജനമില്ല.

**മുക്തരായി കാണുക = മോചിതരായി കാണുക**

ജനങ്ങളെ തിന്മയിൽ നിന്ന് മുക്തരായി കാണാനാണ് എന്നും സാത്വികർ ആഗ്രഹിക്കുന്നത്.

**കത്തിക്കാളുന്ന = ജ്വലിക്കുന്ന**

കത്തിക്കാളുന്ന കോപം കൊണ്ട് അയാളുടെ സമനില തെറ്റിയിരുന്നു.

**തൊണ്ടയിടറി = വിതുമ്പി**

സ്വന്തം ദുരിതകഥ വിവരിച്ചപ്പോൾ അവളുടെ തൊണ്ടയിടറി.

**അക്ഷയലോകം = നാശമില്ലാത്ത ലോകം (സ്വർഗ്ഗം)**

ധർമ്മ മാർഗത്തിൽ സഞ്ചരിക്കുന്നവർ അക്ഷയലോകം നേടുമെന്ന് പുരാണങ്ങൾ അനുശാസിക്കുന്നു.

**പ്രഭാവം = മഹിമ, ശക്തി**

സൂര്യന്റെ പ്രഭാവം കൊണ്ടാണ് നക്ഷത്രങ്ങളെ നമുക്ക് പകൽസമയം കാണാൻ കഴിയാത്തത്.

**ആണയിടുക = സത്യം ചെയ്യുക**

താൻ തെറ്റ് ചെയ്തിട്ടില്ലെന്ന് അയാൾ ആണയിട്ടു പറഞ്ഞെങ്കിലും പോലീസ് അത് വിശ്വസിച്ചില്ല.

**കാലനൂർ പൂകിക്കുക = യമലോകത്തേക്ക് അയക്കുക (വധിക്കുക)**

ശത്രുക്കളെ കാലനൂർ പൂകിക്കുക എന്ന ലക്ഷ്യത്തോടെയാണ് യോദ്ധാക്കൾ യുദ്ധത്തിന് ഇറങ്ങുന്നത്.

**ആശ്ലേഷിക്കുക = ആലിംഗനം ചെയ്യുക**

അമ്മയുടെ സ്നേഹത്തോടെയുള്ള ആശ്ലേഷത്തിന്  പകരം വയ്ക്കാൻ ഭൂമിയിൽ മറ്റൊന്നില്ല.

**വിടവാങ്ങുക = യാത്രയാവുക**

കർത്തവ്യങ്ങൾ പൂർണമായി നിറവേറ്റി അയാൾ ജീവിതത്തിൽ നിന്ന് വിടവാങ്ങി.

**നിലനിൽക്കുക**

മാറ്റത്തിന് വിധേയമാകാതെ ശാശ്വതമായി നിലനിൽക്കുന്ന യാതൊന്നും ഭൂമിയിൽ ഇല്ല.

**ഹൃദയോന്നതി = ഹൃദയത്തിന്റെ മഹത്വം**

മദർ തെരേസയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ അവരുടെ ഹൃദയോന്നതിക്ക് തെളിവാണ്.

**കണ്ണുനീർ തൂകുക = കരയുക**

നഷ്ടപ്പെട്ടുപോയ സൗഭാഗ്യത്തെ ഓർത്ത് കണ്ണുനീർ തൂകിയിട്ട് കാര്യമില്ല.

**കഥ കഴിക്കുക = കൊല്ലുക**

ശത്രുപക്ഷത്തുള്ളവരുടെ കഥ കഴിക്കാതെ യുദ്ധത്തിൽ വിജയിക്കുക പ്രയാസമാണ്.

**ബലി കഴിക്കുക = വേണ്ടെന്നു വയ്ക്കുക**

മക്കളെ സന്തോഷത്തോടെ വളർത്താൻ പലപ്പോഴും മാതാപിതാക്കൾ സ്വന്തം ആഗ്രഹങ്ങൾ ബലി കഴിക്കുന്നു.

**ചവിട്ടിയരയ്ക്കുക = നശിപ്പിക്കുക**

മറ്റുള്ളവരുടെ ആഗ്രഹങ്ങളും അവകാശങ്ങളും ചവിട്ടിയരച്ചു കൊണ്ടല്ല നാം നേട്ടങ്ങൾ കരസ്ഥമാക്കേണ്ടത്.

**പകച്ചു പായുക = പേടിച്ചോടുക**

ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും പകച്ചു പായുന്ന ജനങ്ങളെ കഴിഞ്ഞ പ്രളയ കാലത്ത് കേരളം കണ്ടു.

**തൊഴുതു കുമ്പിട്ടു നിൽക്കുക**

ഭരണാധികാരികൾക്ക് മുമ്പിൽ ജനങ്ങൾ തൊഴുത് കുമ്പിട്ടു നിന്നിരുന്ന കാലം കടന്നു പോയിരിക്കുന്നു.

**പ്രീണിപ്പിക്കുക = സന്തോഷിപ്പിക്കുക**

ഉദ്യോഗസ്ഥരെ പ്രീണിപ്പിച്ചില്ലെങ്കിൽ കാര്യം നടത്തിക്കിട്ടില്ല എന്ന അവസ്ഥ ജനാധിപത്യത്തിന് നിരക്കുന്നതല്ല.

**കൈമിടുക്ക് = കൈക്കരുത്ത്**

കൈമിടുക്കുള്ളവൻ കാര്യക്കാരൻ എന്ന രീതി സാമൂഹികനീതിക്ക് വിരുദ്ധമാണ്.

**പാഞ്ഞടുക്കുക = ഓടി അടുക്കുക**

ആക്രമിക്കാൻ പാഞ്ഞടുക്കുന്ന പുലിയെ കായികമായി നേരിടാം എന്ന് കരുതുന്നത് ബുദ്ധിശൂന്യതയാണ്.

**ചൂഴ്ന്നിരിക്കുക = ചുറ്റും കൂടി ഇരിക്കുക**

ചൂഴ്ന്നിരിക്കുന്ന ആരാധകവൃന്ദത്തെ കണ്ട് സിനിമാതാരം പുളകം കൊണ്ടു.

**പകരം വീട്ടുക**

പകരം വീട്ടുമ്പോഴല്ല ക്ഷമിക്കുമ്പോഴാണ് നാം മറ്റുള്ളവരുടെ ആദരവിന് പാത്രമാകുന്നത്.

**മോഹാലസ്യപ്പെടുക = ബോധംകെട്ടു വീഴുക**

വിശന്നു തളർന്ന വൃദ്ധൻ വഴിയരികിൽ മോഹാലസ്യപ്പെട്ടു വീണു

**പരിസമാപ്തി = അവസാനം**

ഒരാഴ്ച നീണ്ടുനിന്ന കലാപരിപാടികൾക്ക് പരിസമാപ്തി കുറിച്ചുകൊണ്ട് സമാപന സമ്മേളനം നടന്നു.

**വിണ്ണേറുക = സ്വർഗ്ഗത്തിൽ എത്തുക**

ജീവിതാന്ത്യത്തിൽ ഭൗതികശരീരം മണ്ണിലുപേക്ഷിച്ച് ആത്മാവ് വിണ്ണേറുന്നു എന്നാണ് മതസങ്കല്പം.

**കലാശം = അവസാനം**

പരിഹരിക്കപ്പെടാത്ത പല തർക്കങ്ങളുടെയും കലാശം വൈരാഗ്യവും കലഹവുമാവും.

**എടുത്തു കാണിക്കുക**

പ്രസംഗത്തിലുടനീളം സ്വന്തം നേട്ടങ്ങൾ എടുത്തു കാണിക്കാനാണ് അയാൾ ശ്രമിച്ചത്.

**പ്രതിജ്ഞ ചെയ്യുക**

ഭരണഘടന അനുശാസിക്കുന്ന രീതിയിൽ മാത്രമേ പ്രവർത്തിക്കൂ എന്ന് മന്ത്രിമാർ പ്രതിജ്ഞ ചെയ്യുന്നു.

**പ്രോത്സാഹിപ്പിക്കുക**

കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ മാതാപിതാക്കൾ മടി കാണിക്കരുത്.

**കത്തിജ്വലിക്കുക**

നട്ടുച്ചനേരത്ത് ആകാശത്ത് കത്തിജ്വലിച്ചു നിൽക്കുന്ന സൂര്യനെ നഗ്നനേത്രങ്ങൾ കൊണ്ട് നോക്കുക ദുഷ്കരമാണ്.

**പ്രതിസംഹരിക്കുക = തിരിച്ചെടുക്കുക**

പ്രയോഗിച്ച ആയുധങ്ങൾ പ്രതിസംഹരിക്കാൻ ആർക്കും കഴിയില്ല.

**തിരിച്ചുവിടുക**

കുട്ടികളുടെ കഴിവുകളെ ശരിയായ ദിശയിൽ തിരിച്ചുവിടാൻ മാതാപിതാക്കൾക്ക് കഴിയണം.

**നിലനിർത്തുക**

നഷ്ടത്തിലായ കമ്പനിയിലെ തൊഴിലാളികളെ നിലനിർത്താൻ മാനേജ്മെൻറ് ഏറെ പ്രയാസപ്പെട്ടു.

**മിഴിച്ചു നിൽക്കുക = അമ്പരന്നു നിൽക്കുക**

ആളുകൾ മിഴിച്ചു നിൽക്കെ അപകടത്തിൽപ്പെട്ടയാളെ അയാൾ ഒരു വിധത്തിൽ രക്ഷിച്ചു.

**കുടികൊള്ളുക = വസിക്കുക**

മനസ്സിൽ കുടികൊള്ളുന്ന ഈശ്വരന്റെ ശബ്ദം തിരിച്ചറിയാൻ നമുക്ക് കഴിയണം.

**ആഘാതപ്രത്യാഘാതങ്ങൾ = അടിയും തിരിച്ചടിയും (അനന്തരഫലം)**

മനുഷ്യർ പ്രകൃതിയോട് കാണിക്കുന്ന അതിക്രമങ്ങളുടെ ആഘാതപ്രത്യാഘാതങ്ങൾ അടുത്ത തലമുറ കാണാനിരിക്കുന്നതേയുള്ളൂ.

**ഈട്ടം കൂടുക = ഒന്നിച്ചു കൂടുക**

മനസ്സിൽ ഈട്ടം കൂടിയ പകയാണ് അയാളെ ആ ക്രൂരകൃത്യത്തിന് പ്രേരിപ്പിച്ചത്.

**പ്രതികാരേച്ഛ = പ്രതികാരം ചെയ്യാനുള്ള ആഗ്രഹം**

പ്രതികാരേച്ഛ മനസ്സിൽ വളരാതിരിക്കാൻ നാം ബോധപൂർവ്വം ശ്രമിക്കണം.

**അനർഘം = വില മതിക്കാനാവാത്ത**

പ്രാചീന ഗ്രന്ഥങ്ങൾ മനുഷ്യചരിത്രത്തിലെ അനർഘ രേഖകളാണ്.

**മൂലോച്ഛേദം = വേരോടെ നശിപ്പിക്കൽ**

അഴിമതിക്ക് മൂലോച്ഛേദം വരുത്തിയാലേ രാജ്യം പുരോഗതി പ്രാപിക്കൂ.

**വേരുറയ്ക്കുക = ശക്തി പ്രാപിക്കുക**

ഭീകരവാദം രാജ്യത്ത് വേരുറയ്ക്കാതിരിക്കാൻ പോലീസുകാർ ജാഗ്രത പാലിക്കണം.

**കരുതിയിരിക്കുക**

സമൂഹത്തിൽ വിദ്വേഷമുണ്ടാക്കുന്ന അസത്യപ്രചാരണങ്ങൾക്ക് എതിരെ കരുതിയിരിക്കണം.

**സർവ്വവ്യാപി = എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന**

ഈശ്വരൻ സർവ്വവ്യാപി ആണെന്ന് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു.

**ആർഷസംസ്കാരം = മഹർഷിമാരുടെ സംസ്കാരം**

ആർഷസംസ്കാരം ലോകത്തിന് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്.

***